## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 608      08/08/2017-ൽ മറുപടിക്ക്

# വൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്; | (എ) | പെരുന്തേനരുവി, കക്കയം, പെരിങ്ങൽക്കുത്ത്, ഭൂതത്താൻകെട്ട്, ചാത്തൻകോട്ടുനട - II, അപ്പർ കല്ലാർ, എന്നീ ചെറുകിട വൈദ്യുത പദ്ധതികളും, തോട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി എന്നിവ ഉൾപ്പെടെ ആകെ ഒൻപത് ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണം നടന്നു വരുന്നത്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം സാധ്യമാക്കുന്നതിനായി നിർമ്മാണം നടന്നു വരുന്ന സൌരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ BOOT അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് മത്സര ദർഘാസിലൂടെ അനുവദിച്ച താഴെപ്പറയുന്ന സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.<br>• അരിപ്പാറ - 4.5 MW<br>• ആനക്കാംപോയിൽ - 8 MW |
| (ബി) | സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുമ്പോഴും നിർമ്മാണത്തിലിരിക്കുന്ന ഇത്തരം പദ്ധതികളുടെ മെല്ലെപ്പോക്ക് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

(...2)

<table>
<tr><td>(സി)</td><td>എങ്കിൽ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;</td><td>(സി)</td><td>നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ വിപുലീകരണ പദ്ധതി, തോട്ടിയാർ ജലവൈദ്യുത പദ്ധതി, ചാത്തൻകോട്ടുനട – II ചെറുകിട ജലവൈദ്യുത പദ്ധതി, എന്നീ പദ്ധതികളുടെ പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ പണി 11.04.2017 - ൽ പുനരാരംഭിച്ചു. തോട്ടിയാർ , ചാത്തൻകോട്ടുനട – II, എന്നീ പദ്ധതികളുടെ ബാക്കി സിവിൽ ജോലികൾക്കുള്ള ടെൻഡർ ക്ഷണിച്ചു. കൂടാതെ നിർമ്മാണം പുരോഗമിക്കുന്ന എല്ലാ പദ്ധതികളുടേയും പ്രവർത്തന പുരോഗതി സമയാസമയങ്ങളിൽ, വിവിധ തലങ്ങളിൽ അവലോകനം നടത്തി അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം സാധ്യമാക്കുന്നതിനായി നിർമ്മാണം നടന്നു വരുന്ന സൌരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 2017 – അവസാനത്തോടുകൂടി പദ്ധതികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.</td></tr>
<tr><td>(ഡി)</td><td>ഓരോ പദ്ധതിയും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായുള്ള പദ്ധതിയാണെന്നും അവ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?;</td><td>(ഡി)</td><td><table><tr><th>നം.</th><th>പദ്ധതി</th><th>സ്ഥാപിത ശേഷി (MW)</th><th>പൂർത്തിയാക്കുന്ന തീയതി</th></tr><tr><td>1</td><td>പെരുന്തേനരുവി</td><td>6 MW</td><td>നിർമ്മാണം പൂർത്തിയായി ജൂൺ മാസം മുതൽ ഉത്പാദനം ആരംഭിച്ചു. പദ്ധതി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്</td></tr></table></td></tr>
</table>

(.. 3)

| | | | |
|---|---|---|---|
| 2 | കക്കയം | 3 MW | 12/2017 |
| 3 | പെരിങ്ങൽക്കുത്ത് | 24 MW | 8/2018 |
| 4 | ഭൂതത്താൻകെട്ട് | 24 MW | 6/2018 |
| 5 | ചെങ്കുളം ഓഗ് മെന്റേഷൻ | - | 6/2020 |
| 6 | ചാത്തൻ കോട്ടനട – II | 6 MW | 10/08/17 |
| 7 | തോട്ടിയാർ | 40. MW | 2/2020 |
| 8 | പള്ളിവാസൽ വിപുലീകരണ പദ്ധതി | 60 MW | 12/2020 |
| 9 | അപ്പർ കല്ലാർ | 2 MW | 8/2018 |
| **ആകെ** | | **165MW** | |

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി അവലോകനം വിവിധ തലങ്ങളിൽ നടത്തി വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളായ അരിപ്പാറ (4.5 MW), ആനക്കാംപോയിൽ (8 MW) എന്നീ പദ്ധതികൾ 2018 ജൂണോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 2 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 3 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 4 | ഏറ്റുമാന്നൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 5 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 6 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 7 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 8 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| 9 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.435 | നിർമ്മാണം പുരോഗമിക്കുന്നു | |
| 10 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.33 | നിർമ്മാണം പുരോഗമിക്കുന്നു | |
| | ആകെ | 8.515 | | |

സെക്ഷൻ ഓഫീസർ